LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഗാർഡ് തസ്തികയിലെ നിയമനം

104 (1067) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എക്സൈസ് ഗാർഡ് തസ്തികയിൽ എത്രപേർക്ക് നിയമനം നല്കി എന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലയിൽ എക്സൈസ് ഗാർഡ്മാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ ഇതിനകം നിയമിച്ചിട്ടുണ്ട്;

(ഇ) എക്സൈസ് ഗാർഡുമാരുടെ എത്ര ഒഴിവുകളാണ് ജില്ലയിൽ ഇപ്പോൾ നിലവിലുള്ളത്;

(എഫ്) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എക്സൈസ് ഗാർഡ് തസ്തികയിൽ 817 പേർക്ക് നിയമനം നൽകി.

(ബി)

തിരുവനന്തപുരം	-	75
കൊല്ലം	-	45
പത്തനംതിട്ട	-	32
ആലപ്പുഴ	-	26
കോട്ടയം	-	62
എറണാകുളം	-	96
ഇടുക്കി	-	85
തൃശ്ശൂർ	-	40
പാലക്കാട്	-	115
മലപ്പുറം	-	39
കോഴിക്കോട്	-	63
വയനാട്	-	35
കണ്ണൂർ	-	53
കാസർഗോഡ്	-	51

(സി) നിലവിലുണ്ട്.

(ഡി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും 51 പേരെ നിയമിച്ചിട്ടുണ്ട്.

(ഇ) കണ്ണൂർ ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ 8 ഒഴിവുകൾ നിലവിലുണ്ട്. കൂടാതെ വനിതാ ഗാർഡുമാർക്കായി ജില്ലയിൽ 19 ഒഴിവുകൾ കൂടി നീക്കിവച്ചിട്ടുണ്ട്.

(എഫ്) സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി മാർച്ച് 31 ആയി ഏകീകരിച്ചതിനാൽ, 1-4-2011-ൽ എൻട്രി കേഡറിൽ ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, എൻട്രി കേഡറിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പിൽ പി.എസ്.സി. വഴി നടന്ന നിയമനങ്ങൾ

105 (1068) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന എക്സൈസ് വകുപ്പിൽ പി.എസ്.സി. വഴി കഴിഞ്ഞ നാലുവർഷം നടന്നിട്ടുള്ള നിയമനങ്ങൾ എത്രയെന്നും ഏതൊക്കെ തസ്തികകളിൽ എന്നും വെളിപ്പെടുത്തുമോ ;

(ബി) നിലവിൽ ഏതൊക്കെ തസ്തികകളിലാണ് ഒഴിവുള്ളതെന്നും ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 880 എക്സൈസ് ഗാർഡുമാരെയും 7 ഡ്രൈവർമാരെയും, 18 പ്യൂൺമാരെയും, 14 ടൈപ്പിസ്റ്റുമാരെയും, 90 എക്സൈസ് ഇൻസ്പെക്ടർമാരെയും 158 പ്രിവന്റീവ് ഓഫീസർമാരെയും ഉൾപ്പെടെ ആകെ 1167 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) വനിതാ എക്സൈസ് ഗാർഡ്, എക്സൈസ് ഗാർഡ്, പ്രിവന്റീവ് ഓഫീസർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഡ്രൈവർ, എൽ.ഡി. ടൈപ്പിസ്റ്റ്, പ്യൂൺ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സി.എ.) എന്നീ തസ്തികകളിലാണ് നിലവിൽ ഒഴിവുകൾ ഉള്ളത്. നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നവർ

106 (1069) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ എത്രപേർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ബിവറേജസ് കോർപ്പറേഷന്റെ മാത്രമായി എത്ര ഉദ്യോഗസ്ഥർ നിലവിൽ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly